(ബി) ഏറ്റവും ഉയർന്ന തുക ഒരു ലക്ഷം രൂപയും ഏറ്റവും കുറഞ്ഞ തുക ആയിരം രൂപയുമാണ്.

(സി) അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്കും ബാങ്ക് അക്കൗണ്ട് ആധാർ കാർഡുമായി ലിങ്ക് ചെയ്യാത്തവർക്കും ഒഴികെ ബാക്കിയെല്ലാവർക്കും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) അപേക്ഷകർ ഒറിജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതുകൊണ്ടോ ബാങ്ക് അക്കൗണ്ട് ആധാർ കാർഡുമായി ലിങ്ക് ചെയ്യാത്തതുകൊണ്ടോ ആണ് ധനസഹായം ലഭിക്കാൻ താമസം നേരിടുന്നത്.

(ഇ) ഫണ്ടിന്റെ ദൗർലഭ്യമില്ല.

(എഫ്) ഇത് സംബന്ധിച്ച നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് എത്രയും വേഗം ധനസഹായം കൊടുത്തുതീർക്കുവാൻ സാധിക്കും.

എറണാകുളം ജില്ലയിലെ ജനസമ്പർക്ക പരിപാടി

21 (2835) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ 2015 ഏപ്രിലിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ ചികിത്സാ ധനസഹായം ലഭിക്കുന്നതിന് അപേക്ഷ നൽകുകയും നിശ്ചിത തുക അനുവദിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തിട്ടും ഇതുവരെ സഹായധനം ലഭിക്കാതെ അപേക്ഷകർ ബുദ്ധിമുട്ടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിശ്ചിത തുക അനുവദിച്ചതായി പ്രഖ്യാപിച്ചതിന് ശേഷവും വില്ലേജ് ഓഫീസറുടെയും മറ്റും അന്വേഷണ റിപ്പോർട്ടിനായി നിരന്തരം ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾക്കാണ് ഇനിയും ധനസഹായം വിതരണം ചെയ്യാനുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടിയിൽ ധനസഹായമായി നിശ്ചിത തുക അനുവദിച്ചതായി പ്രഖ്യാപിച്ചിട്ടുള്ള എല്ലാ അപേക്ഷകളിലും നടപടിക്രമം പൂർത്തിയാകുന്നമുറയ്ക്ക് തുക വിതരണം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബന്ധപ്പെട്ട തഹസീൽദാർ/വില്ലേജ് ഓഫീസർ മുഖേന വെരിഫിക്കേഷൻ നടത്താറുണ്ടെങ്കിലും ഇതിനായി അപേക്ഷകർ ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യമില്ല.

(സി) 5053 അപേക്ഷകളിൽ ധനസഹായം വിതരണം ചെയ്യുവാനുണ്ട്.

എറണാകുളം ജില്ലയിലെ ജനസമ്പർക്ക പരിപാടി

22 (2836) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-ലെ ജനസമ്പർക്ക പരിപാടിയിൽ എറണ്ണാകുളം ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര പേർക്ക് എത്ര ഉക ചികിത്സാ സഹായമായും ഇതര വിഭാഗത്തിലും നൽകിയിട്ടുണ്ടെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) ല്ഭിച്ച അപേക്ഷകളിൽ തീർപ്പാക്കിയവ എത്രയെന്നും തീർപ്പാക്കാത്തവ എത്രയെന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 17,764 അപേക്ഷകൾ ലഭിച്ചു.

(ബി) 2,771 പേർക്ക് 2,43,60,000 രൂപ (രണ്ടുകോടി നാൽപ്പത്തി മൂവായിരത്തി അറുപതിനായിരം രൂപ) ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്. ഇതര വിഭാഗത്തിലുള്ള ധനസഹായം വിതരണം ചെയ്തിട്ടില്ല. മണ്ഡലാടിസ്ഥാനത്തിൽ വിവരം ക്രോഡീകരിച്ചിട്ടില്ല.

(സി) ലഭിച്ച അപേക്ഷകളിൽ ഏകദേശം 5000 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. 12322 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല.

അരിവാൾ രോഗികൾക്ക് പെൻഷൻ നൽകുന്നതിന് നടപടി

23 (2837) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിൽ സംഘടിപ്പിച്ച കരുതൽ 2015-ൽ വച്ച് എല്ലാ അരിവാൾ രോഗികൾക്കും പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly